## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5018 01.07.2013-ൽ മറുപടി**

**ആലപ്പുഴ ജില്ലയിൽ 'കാപ്പ' വകുപ്പ് ചുമത്തിയവരുടെ വിശദാംശങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ആലപ്പുഴ ജില്ലയിൽ ആരെയെങ്കിലും 'കാപ്പ' വകുപ്പ് ചുമത്തി ജില്ലയിൽ നിന്നും പുറത്തേക്ക് വിട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; രാഷ്ട്രീയ പാർട്ടി പ്രവർത്തകരായ എത്ര പേർക്കെതിരെ ഈ വകുപ്പ് ചുമത്തിയിട്ടുണ്ട്; വിശദമായ വിവരം ലഭ്യമാക്കുമോ ; | (എ) ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള അജി, വെണ്മണി പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ശ്രീജിത്ത്, ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള രാജീവൻ, മാന്നാർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള സുനിൽകുമാർ എന്നിവർക്കെതിരെ കേരളാ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ 15-ാം വകുപ്പ് പ്രകാരം സഞ്ചലനനിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രാഷ്ട്രീയ പാർട്ടിയിൽ പ്രവർത്തിക്കുന്നതിന്റെ ഭാഗമായി മാത്രം ഉണ്ടായിട്ടുള്ള കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള രാഷ്ട്രീയ പാർട്ടി പ്രവർത്തകർക്കെതിരെ കേരളാ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല. |
| ബി) മാവേലിക്കര പടനിലം ഹയർ സെക്കൻഡറി സ്കൂളിലെ ആൻസി എന്ന വിദ്യാർത്ഥിനിയെ പീഡിപ്പിച്ച ഷാജിയെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തിരമായി അറസ്റ്റ് ചെയ്യുമോ; ഇയാൾക്കെതിരെ ചുമത്തിയിരിക്കുന്ന വകുപ്പുകൾ വ്യക്തമാക്കുമോ? | (ബി) ശ്രീ. ഷാജിയെ അറസ്റ്റ് ചെയ്തിട്ടില്ല. അന്വേഷണത്തിൽ ടിയാൻ ഒളിവിലാണ് എന്ന് മനസ്സിലാക്കിയിട്ടുണ്ട്. അറസ്റ്റുചെയ്യാനുള്ള നടപടികൾ നടന്നുവരുന്നു. ഇന്ത്യൻ ശിക്ഷാ നയമത്തിലെ വകുപ്പ് 366-A, 376, 506(ii), 323 & 34, 2012-ലെ പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്ടിലെ വകുപ്പ് 3(a), (4) എന്നിവ പ്രകാരമാണ് ടിയാനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ